LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയത്തിൽ എന്നത്തേയ്ക്ക് അന്തിമ ഉത്തരവ് ലഭ്യമാകുമെന്നും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

(എ&ബി) ആലുവ നിയോജകമണ്ഡലത്തിൽ, ചൂർണ്ണിക്കര പഞ്ചായത്തിലെ അശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചു വരുന്നതുമായ ഭൂമി, പഞ്ചായത്തിന് പൊതുകളിസ്ഥലമായി ഉപയോഗിക്കുന്നതിനായി പതിച്ചു നൽകുന്ന വിഷയം എൻ2/109/2017/റവന്യൂ ഫയലിൽ പരിശോധിച്ചുവരുന്നു. ആയത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

മങ്കട മണ്ഡലത്തിലെ മിച്ചഭൂമി

325(4335) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ മിച്ചഭൂമി ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ലഭ്യമാണ്. മങ്കട നിയോജകമണ്ഡലത്തിൽ കോട്ടൂർ വില്ലേജിൽ കിളിയമണ്ണിൽ മൊയ്തുഹാജിയിൽ നിന്ന് മിച്ചഭൂമിയായി പ്രഖ്യാപിച്ച 23.036 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്. ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. ടി ഭൂമി മുഴുവനും അന്യകൈവശത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഉപയോഗത്തിലല്ലാത്ത സർക്കാർ ഭൂമി ഉണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ ഉപയോഗത്തിലില്ലാത്ത സർക്കാർ ഭൂമി ഇല്ല.

പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർഭൂമി

326(4336) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള പാട്ടതുക ഈടാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഈടാക്കുന്നതിനും പാട്ട കക്ഷിക്ക് നിയമാനുസൃതമായി നോട്ടീസ് നൽകി തുക ഒടുക്കു വരുത്താത്ത പക്ഷം കക്ഷിയിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ആയത് ഈടാക്കുന്നതിനും ആവശ്യമായ കേസുകളിൽ പാട്ടം റദ്ദ് ചെയ്ത് ടി ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്ത 1964-ലെ ഭൂമി പതിവ് ചട്ടത്തിലും 1995-ലെ മുനിസിപ്പൽ കോർപറേഷൻ ഏരിയയിലെ ഭൂമി പതിവ് ചട്ടത്തിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം പാട്ട കുടിശിക പിരിച്ചെടുക്കുന്നതിനും പാട്ട വ്യവസ്ഥ ലംഘിച്ച സർക്കാർ ഭൂമികൾ തിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു .

(ബി) പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പാട്ട വ്യവസ്ഥ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് 152-ൽ സർവ്വെ 27-ൽ 34.34 ആർ, കൊല്ലം താലൂക്കിൽ മുണ്ടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 149-ൽ റീസർവ്വെ 90-ൽ 16.90 ആർ. ,കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 231-ൽ റീസർവ്വെ 10-ൽ 12.88 ആർ എന്നീ സ്ഥലങ്ങൾ ലീസ് വ്യവസ്ഥ ലംഘിച്ചതിനാൽ സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പാട്ടം റദ്ദ് ചെയ്യുന്നതിനായി ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ചേർത്തല തെക്ക് വില്ലേജിൽ ലൂം ക്രാഫ്റ്റ് എന്ന സ്ഥാപനം ഏറ്റെടുത്തിട്ടുണ്ട്. ചേർത്തല താലൂക്കിൽ കൊക്കോതമംഗലം വില്ലേജിൽ M/s മാക്ഡവൽ കമ്പനി (യുണൈറ്റഡ് സ്പിരിറ്റ്) എന്ന സ്ഥാപനവും ഏറ്റെടുത്തിരുന്നതും ആയതിനെതിരെ ഡബ്ല്യൂ.പി.(സി)-23316/17, ഡബ്ല്യൂ.പി(സി)- 26656/20 നമ്പർ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും കേസുകൾ നിലവിലുള്ളതുമാണ്.